# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.480** **24.01.2018-ൽ മറുപടിയ്ക്ക്**

### <u>ജി.എസ്.ടി യിൽ നിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നതിന്റെ കാരണം</u>

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി സമ്പ്രദായം നടപ്പിലായതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. |
| (ബി) | ജി.എസ്.ടി സമ്പ്രദായം നടപ്പിലാക്കിയ കേന്ദ്രസർക്കാർ ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയില്ല എന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; | (ബി)<br>&<br>(സി) | ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനം ആണ്. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചു. ചരക്കുസേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ, ജി.എസ്.ടി.എൻ, പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | ജി.എസ്.ടി യിൽ നിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ